KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.84/PR/PIC/PHQ/13 Date : 14.08.2013

# മെഡലുകളുടെ സുവർണ ശോഭയുമായി പോലീസ് കായികതാരങ്ങൾ ഇന്നെത്തും (15.08.13)

പങ്കെടുത്ത എല്ലാവർക്കും സ്വർണമുൾപ്പെടെ ലോക പോലീസ് മീറ്റിൽ മെഡൽ കൊയ്ത്തു നടത്താനായതിന്റെ അഭിമാനവുമായി കേരള പോലീസിന്റെ കായിക സംഘം ഇന്ന് നാട്ടിൽ തിരിച്ചെത്തും.

വടക്കൻ അയർലണ്ടിലെ ബെൽഫാസ്റ്റിൽ ആഗസ്റ്റ് ഒന്നുമുതൽ 10 വരെ നടന്ന മീറ്റിൽ 16 സ്വർണവും ആറു വെള്ളിയും മൂന്നു വെങ്കലവുമുൾപ്പെടെ 25 മെഡലുകളാണ് ഏഴംഗ കേരളാ പോലീസ് സംഘം വാരിക്കൂട്ടിയത്. ഏഴുപേർക്കും സ്വർണമെഡലുകൾ ലഭിച്ചിരുന്നു. 100 മീറ്റർ, 200 മീറ്റർ ഓട്ടം, 4 X 100 മീറ്റർ, 4 X 400 മീറ്റർ റിലെ എന്നിങ്ങനെ പങ്കെടുത്ത എല്ലായിനത്തിലും സ്വരണം നേടിയ എസ്. സിനിയാണ് മെഡൽപട്ടികയിൽ ഒന്നാമത്. 800 മീറ്റർ ഓട്ടം, 4 X 100 മീറ്റർ , 4 X 400 മീറ്റർ റിലേ എന്നിവയിൽ സ്വർണവും 400 മീറ്റർ ഓട്ടത്തിൽ വെള്ളിയും നേടിയ ചിഞ്ചു ജോസും 400 മീറ്റർ ഓട്ടം, 4 X 100 മീറ്റർ, 4 X 400 മീറ്റർ റിലേ എന്നിവയിൽ സ്വർണവും 200 മീറ്റർ ഓട്ടത്തിൽ വെള്ളിയും നേടിയ അഞ്ജു തോമസുമാണ് തൊട്ടുപിന്നിൽ. 4 X 100 മീറ്റർ റിലെയിൽ സ്വർണ്ണവും 200 മീറ്റർ ഓട്ടം, 4 X 400 മീറ്റർ റിലേ എന്നിവയിൽ വെള്ളിയും നൂറു മീറ്ററിൽ വെങ്കലവും നേടിയ രാഹുൽ ജി പിള്ള, 4 X 100 മീറ്റർ റിലേയിൽ സ്വർണ്ണവും 4 X 400 മീറ്റർ റിലേയിൽ വെള്ളിയും 110 മീറ്റർ ഹർഡിൽസിൽ വെങ്കലവും നേടിയ കെ.ജി.രഞ്ജിത്, 400 മീറ്റർ ഹർഡിൽസ്, 4 X 100 മീറ്റർ റിലേ എന്നിവയിൽ സ്വർണവും 4 X 400 മീറ്റർ റിലേയിൽ വെള്ളിയും നേടിയ ദിലീപ് വേണുഗോപാൽ, ലോങ് ജമ്പ്, 4 X 100 മീറ്റർ റിലേ എന്നിവയിൽ സ്വർണവും ട്രിപ്പിൾ ജംപിൽ വെങ്കലവും നേടിയ ബേസിൽ ജോർജ് എന്നിവരാണ് സംഘത്തിലുൾപ്പെട്ട മറ്റു കായികതാരങ്ങൾ.

രണ്ടുവർഷത്തിലൊരിക്കൽ നടത്തുന്ന ലോക പോലീസ് മീറ്റിൽ ഇത്തവണ 85 ലോക രാജ്യങ്ങളിൽ നിന്നുള്ള കായിക താരങ്ങൾ പങ്കെടുത്തിരുന്നു. ഇന്ത്യൻ ടീമിലെ 14 പേരടങ്ങുന്ന അത്‌ലറ്റിക്സ് ടീമിന്റെ ഭാഗമായാണ് കേരള പോലീസിൽ നിന്നുള്ള ഏഴംഗ സംഘം മീറ്റിൽ പങ്കെടുത്തത്. ഇരുപതുവർഷങ്ങൾക്കു ശേഷം ആദ്യമായാണ് കേരള പോലീസ് സംഘം ലോക പോലീസ് മീറ്റിൽ പങ്കെടുക്കുന്നത്. പോലീസിന്റെ ആംഡ് പോലീസ് ബറ്റാലിയനുകളിൽ സേവനമനുഷ്ഠിക്കുന്നവരാണ് ഈ കായികതാരങ്ങൾ. ബൽഫാസ്റ്റിൽ നിന്ന് ന്യൂഡൽഹി യിലെത്തിയ സംഘം രാജധാനി എക്സ്പ്രസിലാണ് നാട്ടിലെത്തുന്നത്.

കേരളാ പോലീസിന്റെ അഭിമാനമുയർത്തിയ കായികതാരങ്ങളെ സംസ്ഥാന പോലീസ് മേധാവി കെ.എസ്.ബാലസുബ്രമണ്യം അഭിനന്ദിച്ചു.

**************

The contents of this document may be deemed to be based on received information which is subject to further verification